കഴിയുന്നില്ലെന്നുള്ള വസ്തുതയുമുണ്ട്. അങ്ങനെയുള്ള നിയമനങ്ങൾ മാനേജുമെൻറിന് വിട്ടുകൊടുത്തതിൻെറ കാരണവും ഇതുതന്നെയാണ്. പെട്ടെന്ന് പെട്ടെന്ന് പല നിയമനത്തിനും ആളുകളെ വേണം. ഇങ്ങനെയുള്ള ആളുകളെ കിട്ടുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ കുറവുവന്നിട്ടുള്ളത്. ആ കുറവുകൂടി കണക്കിലെടുത്ത് ഭാവിയിൽ നിയമിക്കുന്നതിനുള്ള നടപടി എടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. എ. പരമൻ: നിയമനം പി. എസ്. സി. ക്ക് വിട്ടുകൊടുത്തത് വർക്കേഴ്സ് കാറഗറി ഒഴിച്ചാണ്. വർക്കേഴ്സ് ക്യാറഗറി ഒഴിച്ചുനിർത്തുന്നതുകൊണ്ട് വർക്കേഴ്സ് ക്യാറഗറിയിലേക്ക് സംവരണതത്വം പാലിക്കേണ്ടായെന്നാണ് കമ്പനിക്കാർ വ്യാഖ്യാനിച്ച് നിയമനം നടത്തിയിട്ടുള്ളത്. ആ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: വർക്കേഴ്സ് ക്യാറഗറിയിൽ സംവരണതത്വം പാലിക്കണമെന്ന് ഗവൺമെൻറ് ഇപ്പോൾ വളരെ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മുമ്പ് ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെയുള്ള അനുഭവംകൂടി ഉണ്ടായതിൻെറ വെളിച്ചത്തിലാണ് വീണ്ടും ഈ നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ശ്രീ. വി. ഈച്ചരൻ: മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂകമ്മിറ്റിയെക്കൊണ്ട് കെ. എസ്. ആർ. ടി. സി. യിലും ഇലക്ട്രിസിറ്റിബോർഡിലും റിസർവ്വേഷൻ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ? ഇവിടെ നിയമിക്കാത്തതിൻെറ പ്രത്യേക കാരണം എന്താണെന്ന് പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പരിശോധിക്കാൻ പറ്റുമോയെന്ന് ഇപ്പോൾ ഉറപ്പു പറയാൻ പറ്റുകയില്ല. ഇതിനെല്ലാംകൂടി വല്ലിയൊരു സംവിധാനം ആവശ്യമാണ്. പൊതുമേഖലാ സ്ഥാപനത്തിൽ ഗവൺമെൻറ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന തത്വം അനുസരിച്ചും സ്റേറ്റുപോളിസി അനുസരിച്ചും നിയമനം നടത്തുന്നുണ്ടോ ഇല്ലയോയെന്നുള്ളതിനെ സംബന്ധിച്ച് റിവ്യൂ സംവിധാനം ഉണ്ടാക്കുന്നതാണ്.

സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി തിരഞ്ഞെടുക്കപ്പെട്ടശേഷം നിയമനം ലഭിക്കാത്തവർ

*727 [791] ശ്രീ. എ. പി. കുര്യൻ:
,, എൻ. സുബ്രഹ്മണ്യഷേണായ്:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി എക്സൈസ് വകുപ്പിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെട്ട ആർക്കെങ്കിലും നിയമനം നൽകാതിരുന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ആർക്ക്; ഏതു തസ്തികയിൽ;

(സി) എന്തു കാരണത്താലാണ് നിയമനം നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ഉണ്ട്.

(ബി) ശ്രീ. കെ. എ. ബാലൻ എന്ന ആളിനെ 1974-ൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനത്തിനു തിരഞ്ഞെടുത്തുവെങ്കിലും നിയമനം നൽകിയില്ല.

എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടറുടെ തസ്തികയിലേക്കാണ് തിരഞ്ഞെടുത്തത്.

(സി) ടിയാന്റെ സ്വഭാവവും പൂർവ്വകാല ചരിത്രവും അന്വേഷണത്തിൽ തൃപ്തികരമല്ല എന്നു തെളിഞ്ഞതിനാലാണ് നിയമനം നൽകാതിരുന്നത്.

ശ്രീ. എ. പി. കുര്യൻ: 1974-ൽ സ്റ്റേറ്റ് എക്സൈസ് ഡിപ്പാർട്ടുമെന്റിൽ എക്സൈസ് ഇൻസ്പെക്ടറായിട്ട് പി. എസ്. സി. സെലക്ട് ചെയ്ത ലിസ്റ്റിലെ ഫസ്റ്റ് റാങ്കുകാരനായ ബാലനെ ഇങ്ങനെ നിയമിക്കാതിരിക്കുന്നതിന് കാരണമായി പറഞ്ഞത് അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് അന്വേഷണത്തിൽ യോഗ്യനല്ലെന്ന് മനസിലായതുകൊണ്ടാണെന്നാണ്. പി. എസ്. സി. സെലക്ട് ചെയ്തുകഴിഞ്ഞാൽ സാധാരണ ഉദ്യോഗാർത്ഥി ഇതിന് യോഗ്യനാണോയെന്ന് അന്വേഷിക്കുന്നതിന് പോലീസ് വെരിഫിക്കേഷൻ നടത്താറുണ്ട്. പോലീസ് വെരിഫിക്കേഷൻ നടത്തിയതിന്റെ റിപ്പോർട്ടിലെ ശുപാർശ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ആ വെരിഫിക്കേഷനിൽ ബാലൻ തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ആഫീസിൽ മുമ്പ് ജോലി ചെയ്തിരുന്ന ആളാണെന്നും റൂൾ 5 (1) സെൻട്രൽ സർവ്വീസസ് (ടെമ്പററി സർവ്വീസ്) റൂൾ 1969 അനുസരിച്ച് അദ്ദേഹത്തെ 22-1-1973-ൽ ഉദ്യോഗത്തിൽ നിന്നും പിരിച്ചയച്ചിരുന്നുവെന്നുമാണ് കണ്ടത്. ഉദ്യോഗത്തിൽ തുടർന്ന് വെയ്ക്കുന്നതിന് പറ്റാത്ത ഒരു ഉദ്യോഗസ്ഥനാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഈ സ്പെഷ്യൽ റൂൾ അനുസരിച്ച് സെൻട്രൽ ഗവൺമെന്റ് പറഞ്ഞയച്ച ആളാണ് ഈ ഉദ്യോഗാർത്ഥിയെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമനം കൊടുക്കാതിരുന്നത്.

ശ്രീ. എ. പി. കുര്യൻ: പോലീസ് വെരിഫിക്കേഷനിൽ സാധാരണ ഏതെങ്കിലും ക്രിമിനൽ കുറ്റവാളിയാണോ അയാളുടെ സ്വഭാവം നല്ലതാണോയെന്നൊക്കെയുള്ള കാര്യങ്ങളാണ് പരിശോധിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കേന്ദ്രഗവൺമെന്റിന്റെ റൂൾ അനുസരിച്ച് പറഞ്ഞയച്ച ഉദ്യോഗാർത്ഥിയായതുകൊണ്ടാണ് നിയമിക്കാത്തതെന്നാണ്. 1969-ലെ റൂൾ അനുസരിച്ച് ഏതൊരു ഉദ്യോഗസ്ഥനെയും യാതൊരു കാരണവും കാണിക്കാതെ പിരിച്ചുവിടാനുള്ള അവകാശമുണ്ട്. അങ്ങനെ പിരിച്ചുവിട്ടാൽ തന്നെ അതിനെ കുറ്റമായി പരിഗണിച്ചിട്ടില്ല. ഇതിനെ മാത്രം ആശ്രയിച്ചുകൊണ്ട് നിയമനം നടത്താതിരിക്കുകയും പോലീസ് റിപ്പോർട്ടിലെ മറ്റുകാര്യങ്ങളിൽ യോഗ്യത തെളിയിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിയിൽ ഈ നിയമനം നടത്താതിരിക്കുന്നത് നീതിനിഷേധമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻനായർ: തിരുവനന്തപുരത്തെ സെൻട്രൽ ഗവൺമെന്റ് ആഫീസിൽനിന്നും ഉദ്യോഗത്തിൽവെച്ചുകൊണ്ടിരിക്കാൻ പാടില്ലെന്ന് തീരുമാനിക്കുകയും ടെർമിനേറ്റ് ചെയ്യുകയും ചെയ്ത ഒരാളിനെ മറ്റൊരു ഉദ്യോഗത്തിൽ വയ്ക്കുന്നത് ശരിയല്ലെന്ന് തോന്നിയതുകൊണ്ടാണ് കൊടുക്കാതിരുന്നത്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്ന് പിരിച്ചയച്ച ബാലനെ അതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ട് ചെയ്തു, പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് അഡ്വക്കേറ്റ് ജനറൽ ആഫീസിലും നിശ്ചയിച്ചിരുന്നു. എക്സൈസ് വകുപ്പിലും പി. എസ്. സി. സെലക്ട് ചെയ്തു. ഈ മൂന്നു ലിസ്റ്റിലും ബാലന് ഫസ്റ്റ് റാങ്ക് കിട്ടി. പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശം തള്ളിക്കളഞ്ഞിട്ട് മൂന്നാം ക്ലാസ് പോലീസുകാരന്റെ നിർദ്ദേശമനുസരിച്ച് നിയമിക്കാതിരുന്നത് ശരിയാണോ?

ശ്രീ. പി. കെ. വാസുദേവൻനായർ : പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം കഴിഞ്ഞിട്ട് സ്വഭാവത്തെപ്പറ്റി അന്വേഷണം നടത്തുന്ന പതിവ് ഉണ്ട്. അതിൽ രാഷ്ട്രീയമായ കാര്യങ്ങളൊന്നും നോക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ ഉദ്യോഗത്തിലിരുന്ന ബാലനെ പ്രത്യേക നിയമമനുസരിച്ച് പറഞ്ഞയച്ചതാണ്. അങ്ങനെ പറഞ്ഞയച്ച ആളിനെ നമ്മൾ നിയമിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി : പൂർവ്വകാലചരിത്രം നോക്കുകയാണെങ്കിൽ മുഖ്യമന്ത്രിയെപ്പറ്റിയും പോലീസ് എഴുതിവെച്ചിട്ടുണ്ടാകും. അത് കണക്കിലെടുക്കാതെ ഇനിയെങ്കിലും നീതിപുലർത്തുന്നതിന് മന്ത്രി തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: പൂർവ്വകാല ചരിത്രം ഒന്നും നോക്കിയിട്ടില്ല. ഉദ്യോഗത്തിലിരുന്ന ആളാണെന്നും അദ്ദേഹം ഉദ്യോഗത്തിൽ തുടരാൻ യോഗ്യനല്ലെന്നും പറഞ്ഞ് സെൻട്രൽ ഗവൺമെന്റ് സ്പെഷ്യൽ റൂൾ അനുസരിച്ച് പിരിച്ചുവിട്ടതാണെന്നാണ് റിപ്പോർട്ട്.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: എ. ജീസ് ആഫീസിൽ നിന്ന് ഇയാളെ പിരിച്ചുവിടാൻ വല്ല കാരണവും കാണിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻനായർ; ഞാൻ നേരത്തെ പറഞ്ഞ വകുപ്പു പ്രകാരം സർവ്വീസിൽ നിന്ന് ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ നിയമനം നടത്താതിരിക്കുന്നതിന് മുഖ്യമന്ത്രി പറഞ്ഞ കാരണം എ. ജീസ് ആഫീസിൽനിന്ന് ഒരു പ്രത്യേക വകുപ്പുപ്രകാരം പിരിച്ചുവിട്ട ആളാണെന്നാണ്. അതുകൊണ്ട് സർവ്വീസിൽ വെക്കാൻ കൊള്ളുകയില്ലെന്നു പറഞ്ഞു. അവിടന്നു പിരിച്ചുവിട്ടതിനുശേഷമാണ് ഈ ബാലനെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ജോലിക്ക് എടുത്തത്. അത് എങ്ങനെയാണ് ചെയ്തത്?

ശ്രീ. പി. കെ. വാസുദേവൻനായർ: അതേ സംബന്ധിച്ച് മറുപടി പറയാൻ നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ; സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റായി ജോലി കിട്ടി. ജോലിയിലിരിക്കെ സ്പെഷ്യൽ റിക്രൂട്ടുമെന്റു പ്രകാരം അഡ്വക്കേറ്റ് ജനറൽ ആഫീസിൽ സീനിയർ സൂപ്രണ്ടായി അഡ്വൈസ് ചെയ്തു. അങ്ങനെ അഡ്വക്കേറ്റ് ജനറലാഫീസിൽ സീനിയർ സൂപ്രണ്ടായി ജോലി നോക്കിയിരുന്ന ഒരാളെ പിരിച്ചുവിടാൻ എന്താണ് കാരണം?

ശ്രീ. പി. കെ. വാസുദേവൻനായർ: ഇത്രയും ഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒരു ഹരിജനായ ഈ ബാലനെ സെൻട്രൽ ഗവൺമെന്റ് രാഷ്ട്രീയ കാരണങ്ങളാലാണ് പിരിച്ചുവിട്ടത്. ആ കാരണം സ്റ്റേറ്റ് ഗവൺമെന്റ് പറയുന്നത് ശരിയാണോ? ഇവിടെ പോലീസ് വെരിഫിക്കേഷൻ വേണ്ട എന്നുവച്ചിരിക്കയാണ്. സെൻട്രൽ ഗവൺമെന്റ് ഒരു കാലത്ത് വേണ്ട എന്നുവയ്ക്കുമ്പോഴും സ്റ്റേറ്റ് സർവ്വീസിൽ എടുക്കുകയില്ല എന്നുള്ളതാണോ ഗവൺമെന്റിന്റെ നയം?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കാര്യത്തിൽ അന്നു അങ്ങനെയാണ് തീരുമാനിച്ചത്. നയത്തെപ്പറ്റി എനിക്ക് ഉപ്പോഴും പറയാൻ കഴിയുകയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എ. ജീസ് ആഫീസ് അസോസിയേഷന്റെ ഒരു സജീവ പ്രവർത്തകനായിരുന്നു എന്നുള്ള നിലക്കാണ് പിരിച്ചുവിട്ടത്, സർവ്വീസ് സംഘടനയിൽ പ്രവർത്തിക്കുന്നത് ഒരു പാപമായി കരുതുന്നില്ലെന്ന് ഈ ഗവൺമെന്റ് പലപ്പോഴും പറഞ്ഞിട്ടുണ്ട്. മറ്റു കാരണങ്ങളും സ്വാഭാവദൂഷ്യമോ ക്രിമിനൽ കുറ്റത്തിനു ശിക്ഷ അനുഭവിച്ചിട്ടുള്ളതോ ആണെങ്കിൽ മനസിലാക്കാമായിരുന്നു. സംഘടനാ പ്രവർത്തനം നടത്തിയ ഒരാളിനോട് സംസ്ഥാന ഗവൺമെന്റും ഇതേ രീതിയിൽ പെരുമാറുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ വേറെ യാതൊരു കുറവും ചെയ്തിട്ടില്ലെങ്കിൽ ഇയാളെ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ ആഫീസിൽ തുടരാൻ യോഗ്യനല്ലെന്ന കാരണത്താലാണ് അന്വേഷണം നടത്തി പിരിച്ചുവിട്ടിട്ടുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സംഘടനാ പ്രവർത്തനം നടത്തിയതിനാണ് സെൻട്രൽ ഗവൺമെന്റ് പിരിച്ചുവിട്ടത്. ഒരു ഹരിജനായ ബാലനെ സെൻട്രൽ ഗവൺമെന്റ് മനഃപൂർവ്വം സംഘടനാ പ്രവർത്തനം നടത്തിയെന്നുള്ളതിന്റെ പേരിൽ പിരിച്ചുവിട്ടതുകൊണ്ട് ഈ കാര്യം പുനഃപരിശോധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇനി പുനഃപരിശോധിക്കുന്നതിന് ബുദ്ധിമുട്ട് കാണും. എന്തുകൊണ്ടെന്നാൽ ഈ ബാലൻ കോടതിയിൽ പോയി. ആദ്യം കോടതി ശരിവച്ചു. പിന്നെ ഗവൺമെന്റ് അതിനെതിരായി അപ്പീൽപോയി. ആ നിലയിൽ കോടതിയിൽ പോയി വിധിക്കുപുറത്ത് വിധി വന്നതിനുശേഷം ഇനി ഗവൺമെന്റ് പുനഃപരിശോധന നടത്തുന്നത് ശരിയാണെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. പരമൻ : എ. ജീസ് ആഫീസിൽ നിന്ന് പിരിച്ചു വിട്ടു. ഡിസ്മിസ് ചെയ്തിട്ടില്ല. കേരള ഗവൺമെൻറിൻെറ റൂൾ പ്രകാരം റിമൂവലും ടെർമിനേഷനും ഫർദർ റിക്രൂട്ടുമെൻറിന് തടസ്ഥമല്ല. ഡിസ്മിസൽ മാത്രമേ തടസ്സമായിട്ടുള്ളു. അതുകൊണ്ട് ഈ പ്രശ്നം പുനരാലോചിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ : അങ്ങനെ ആ കാര്യത്തെ സംബന്ധിച്ച് സഭയ്ക്ക് ഉറപ്പ് നൽകാൻ സാദ്ധ്യമല്ല.

ഫയർ സ്റ്റേഷനുകൾ

*728 [792] ശ്രീ. വി. കെ. രാജൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. എം. കെ. കേശവൻ:
,, കെ. ടി. കുമാരൻ:
,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളുണ്ട്;

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഫോർട്ടു കൊച്ചി ഫയർ ട്രെയിനിങ്ങ് സ്കൂൾ ഉൾപ്പെടെ 21 ഫയർ സ്റ്റേഷനുകളുണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം, പാല, മൂവാറ്റുപുഴ, നെയ്യാറ്റിൻകര, ചിറ്റൂർ, തത്തമംഗലം, പയ്യന്നൂർ, കോതമംഗലം, പുനലൂർ എന്നിവിടങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. വി. കെ. രാജൻ : ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം തിരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്?

ശ്രീ. കെ. എം. മാണി: പറ്റിയ സ്ഥലം എന്ന് ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളാണ് തിരഞ്ഞെടുക്കുന്നത്.

ശ്രീ. വി. കെ. രാജൻ: ധാരാളം ജനങ്ങൾ തിങ്ങി താമസിക്കുന്നതും ഓലമേഞ്ഞവീടുകൾ ദിവസം പ്രതി തീ പിടിച്ച് നശിച്ചുകൊണ്ടിരിക്കുന്നതുമായ കൊടുങ്ങല്ലൂർ പ്രദേശത്ത് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. എം. മാണി: അതേക്കുറിച്ച് ഒന്നും പറയാനില്ല.

LIBRARY ARCHIVES Kerala Legislative Assembly